HLM-0191

The Heavenly Light Ministry

എൻ പ്രാണനാഥൻ എന്നു വരും
എന്നു തീരും എൻ വേദനകൾ
ആകുലത്തിൽ ആശ്വസിപ്പാൻ
ആവശ്യങ്ങളിൽ ആശ്രയിപ്പാൻ (2)
അങ്ങല്ലാതാരുമില്ലെനിക്ക്
ആത്മ നാഥാ ഈ പാരിടത്തിൽ ... എൻ പ്രാണ

ഇന്നിഹത്തിൽ നിന്നിലല്ലാതെ
ഇല്ല സന്തോഷം ജീവിതത്തിൽ
തിങ്ങി വിങ്ങുന്ന സങ്കടവും
എങ്ങും പഴിയും നിന്ദകളും ... എൻ പ്രാണ

പ്രീയരെല്ലാം കൈവിടുമ്പോൾ
പ്രതിക്കൂലമായ് മാറിടുമ്പോൾ
പ്രാണപ്രിയ ഈ ഏഴയാകും
പ്രാണിയെ നീ കൈവിടല്ലേ ... എൻ പ്രാണ

നല്ലതല്ലാതൊന്നുമില്ല നീ
നൽകുമെല്ലാം നന്മയല്ലേ
നിത്യത തന്നിലെത്തുവോളം
നടത്തെന്നെ നിൻ ഹിതം പോൽ ... എൻ പ്രാണ